**പതിമൂന്നാം കേരള നിയമസഭ**

# ഗവ. നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2014-2016)

**നാലാമത് റിപ്പോർട്ട്**

(2015 ജൂലൈ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സുഗന്ധഗിരി നിവാസികൾക്ക് അനുവദിച്ച ഭൂമി സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# ഗവ. നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2014-2016)

നാലാമത് റിപ്പോർട്ട്

(2015 ജൂലൈ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സുഗന്ധഗിരി നിവാസികൾക്ക് അനുവദിച്ച ഭൂമി സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്**

1096/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 12 |

# ഗവൺമെൻറ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി

## (2014-16)

### **സമിതിയുടെ ഘടന**

ചെയർമാൻ

ശ്രീ. വി. എസ്. സുനിൽ കുമാർ

അംഗങ്ങൾ

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴയ്ക്കൻ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. ശബരീനാഥൻ കെ. എസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. മുരളീധരൻ നായർ, അഡീഷണൽ സെക്രട്ടറി

ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, റിസർച്ച് ഓഫീസർ

ശ്രീമതി രജനി വി. ആർ., അണ്ടർ സെക്രട്ടറി

# ആമുഖം

ഈ ആധുനിക കാലഘട്ടത്തിലും കാലത്തിന്റെ മാറ്റങ്ങളറിയാതെ ജീവിക്കാൻ വിധിക്കപ്പെട്ടവരായി മാറുകയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ. പട്ടികജാതിയിൽപ്പെടുന്നവരുടെയും ആദിവാസികളുടെയും ഉന്നമനത്തിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളെപ്പറ്റി അവർ ബോധവാന്മാരല്ലാത്തതു കാരണം ഇടനിലക്കാരുടെ ചൂഷണത്തിന് ഇടയാകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ചെലവഴിക്കുന്ന തുക അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ പാഴായിപ്പോകുന്നു. ഈ വിഭാഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് ആത്യന്തികമായി പരിഹാരം കാണുന്നതിന് സർക്കാർ സംവിധാനങ്ങളുടെ കാര്യശേഷിക്കുറവും മേല്പറഞ്ഞ ചൂഷണവും വിഘാതമാവുന്നു. വൻ വികസന പദ്ധതികളുടെ പുറകേ സർക്കാർ സംവിധാനങ്ങൾ പോകുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ സമൂഹം നിലനില്പിനായി പോരാടേണ്ടുന്ന അവസ്ഥ ദുഃഖകരമാണെന്ന് പറയാതെ വയ്യ.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പലവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികളെപ്പറ്റി നിരവധി തവണ നിയമസഭയിൽ ചർച്ചകൾ നടന്നിട്ടുണ്ട്. ഇതിൽ 12-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1447-ന് സുഗന്ധഗിരി നിവാസികൾക്ക് അനുവദിച്ച ഭൂമി സംബന്ധിച്ച് സുഗന്ധഗിരി പ്രോജക്ടിലെ സ്ഥിരം തൊഴിലാളികളായ 23 പട്ടികജാതി കുടുംബങ്ങൾക്ക് 10 സെന്റ് വീതം ഭൂമി വീടു വയ്ക്കുന്നതിനായി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു എന്ന മറുപടിയാണ് ഈ ഉറപ്പിന് ആധാരം. ഈ ഉറപ്പിന് സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് 19-1-2011-ലെ സമിതി യോഗം പരിഗണിക്കുകയും നിലവിലെ സ്ഥിതി എന്താണെന്ന് ആരായുകയും ചെയ്തു. ഇതിന്മേൽ സർക്കാർ ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് 1-1-2013-ലെ സമിതി യോഗം പരിഗണിക്കുകയും സുഗന്ധഗിരി സന്ദർശിച്ച് സ്ഥിതിവിവരങ്ങൾ അറിയാൻ തീരുമാനിക്കുകയും ചെയ്തു. 29-8-2014-ൽ സമിതി സുഗന്ധഗിരി സന്ദർശിച്ചു. തുടർന്ന് 12-11-2014-ൽ വിവിധ വകുപ്പുദ്യോഗസ്ഥന്മാരുമായി സമിതി കൂടിക്കാഴ്ച നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സുഗന്ധഗിരിയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമായ നിർദ്ദേശങ്ങൾ/ശിപാർശകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

(2015 ജൂലൈ 27-ാം തീയതിയിൽ ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.)

തിരുവനന്തപുരം,
2015 ജൂലൈ 29.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ "സുഗന്ധഗിരി നിവാസികൾക്ക് അനുവദിച്ച ഭൂമി" എന്ന വിഷയം സംബന്ധിച്ച് 'ടി.ആർ.ഡി.എം. ഡയറക്ടർ 21-2-2006-ന് നല്കിയ കത്തിന്മേലുള്ള നടപടി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ' എന്ന നക്ഷത്രചിഹ്നമിടാത്ത 1447-ാം നമ്പർ ചോദ്യത്തിന് 'സുഗന്ധഗിരി പദ്ധതിയിൽ ഒരു ഏക്കർ വീതം ഭൂമി അനുവദിക്കപ്പെട്ട 23 പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 10 സെന്റ് വീതം ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു' എന്ന് ബഹു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നല്കുകയുണ്ടായി. ബഹു. മന്ത്രി നല്കിയ മറുപടി പ്രസ്തുത സമ്മേളനത്തിലെ 178-ാം നമ്പർ ഉറപ്പായി പരിഗണിക്കുകയും സർക്കാരിൽ നിന്ന് മറുപടി ആവശ്യപ്പെടുകയും ചെയ്തു. ഈ ഉറപ്പിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് 19-1-2011-ലെ സമിതി യോഗം പരിഗണിക്കുകയും പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായുകയും ചെയ്തു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് 1-1-2013-ലെ സമിതി യോഗം പരിഗണിക്കുകയും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി പ്രസ്തുത സ്ഥലം സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തു. 29-8-2014-ന് സമിതി സുഗന്ധഗിരി സന്ദർശിച്ചു. കൂടാതെ 12-11-2014-ന് ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തിരുവനന്തപുരത്ത് വച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത ഉറപ്പും അവയിൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകളും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

2. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ പൊഴുതന ഗ്രാമപഞ്ചായത്തിൽപ്പെട്ട സുഗന്ധഗിരി പ്രോജക്ടിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 530-ഓളം കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ സുഗന്ധഗിരി-പ്രോജക്ടിൽ സ്ഥിരം തൊഴിലാളികളായ 382 പട്ടികവർഗ്ഗക്കാർക്ക് 5 ഏക്കർ വീതവും 36 താൽക്കാലിക തൊഴിലാളികൾക്ക് 2 ഏക്കർ വീതവും പട്ടികജാതിയിൽപ്പെട്ട 22 പേർക്ക് ഒരു ഏക്കർ വീതവും ഭൂമി അനുവദിച്ചിരുന്നു. പട്ടികജാതിയിൽപ്പെട്ടവർക്ക് അനുവദിച്ച ഒരു ഏക്കർ സ്ഥലത്തിനു പുറമെ വീട് വയ്ക്കുന്നതിനായി 10 സെന്റ് ഭൂമി കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട അപേക്ഷയാണ് ഉറപ്പിന് ആധാരമായ ചോദ്യത്തിന്റെ അടിസ്ഥാനം.

**ഭൂമി വിതരണവും വീട് നിർമ്മാണവും**

3. സുഗന്ധഗിരി പ്രോജക്ടിൽ ഉണ്ടായിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ഥിരം അംഗങ്ങൾ അല്ലാത്ത തൊഴിലാളികളായ 22 പേർക്ക് ഒരു ഏക്കർ ഭൂമി വീതം അനുവദിച്ചിരുന്നു. ഒരു കുടുംബത്തിന് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാൻ സാധിക്കാത്തതിനാൽ ഇതുവരെയും ആനുകൂല്യങ്ങൾ നല്കിയിട്ടില്ല. പ്രോജക്ടിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ വീതം ഭൂമി അനുവദിച്ചിട്ടുണ്ട്. ഭൂമി ലഭിച്ച എല്ലാ ഗുണഭോക്താക്കളും കൈവശാവകാശരേഖ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടു. എന്നാൽ ഇവർക്ക് അനുവദിച്ച ഭൂമിയിൽ മിക്ക പ്രദേശങ്ങളും ചെങ്കുത്തായവ ആയതിനാൽ ഭവന നിർമ്മാണത്തിന് അനുയോജ്യമല്ല എന്ന് സമിതി കണ്ടെത്തി. 22 പട്ടികജാതി കുടുംബങ്ങൾക്കായി അനുവദിച്ച 22 ഏക്കറിൽ നിന്നും താമസയോഗ്യമായ രണ്ട് ഏക്കർ ഭൂമി മാറ്റി ബാക്കി 20 ഏക്കർ കൃഷി ആവശ്യത്തിനായി വിതരണം ചെയ്യാമായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ഭൂമി അനുവദിച്ച കഴിഞ്ഞ സാഹചര്യത്തിൽ താമസത്തിന് യോഗ്യമായ സ്ഥലം റവന്യൂ വകുപ്പ് കണ്ടെത്തി നൽകുകയോ മോഡൽ റസിഡൻഷ്യൽ സ്കൂളിന് അനുവദിച്ച 40 ഏക്കറിൽ സ്വകാര്യവ്യക്തി അന്യായമായി കൈവശം വച്ചിരിക്കുന്നു എന്ന് സൂചിപ്പിച്ചിട്ടുള്ള 2.2 ഏക്കർ സ്ഥലം ഒഴിപ്പിച്ചോ 22 കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ നൽകുകയോ വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് ആരംഭിക്കണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ആനുകൂല്യങ്ങൾ ഇതുവരെ ലഭിക്കാത്ത കുടുംബത്തിന് ആനുകൂല്യങ്ങൾ അടിയന്തരമായി നല്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. ആദിവാസികളുടെ ക്ഷേമത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാതെയാണ് നടപ്പിലാക്കുന്നതെന്ന് സുഗന്ധഗിരി സന്ദർശനത്തിൽ സമിതിക്ക് ബോധ്യപ്പെട്ടു. വീട് നിർമ്മിക്കാൻ യോജ്യമല്ലാത്ത സ്ഥലങ്ങൾ മാറ്റി നല്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച 76 അപേക്ഷകളിൽ 22 എണ്ണത്തിന്മേൽ സ്ഥലം മാറ്റി നൽകാൻ ജില്ലാ കളക്ടർ അധ്യക്ഷനായ സബ് കമ്മിറ്റി ശിപാർശ നല്കി ആറു വർഷം കഴിഞ്ഞിട്ടും വെറും 13 പേർക്ക് മാത്രമാണ് പ്ലോട്ടുകൾ മാറ്റി നല്കിയത്. സബ് കമ്മിറ്റി ശിപാർശ യഥാസമയം നടപ്പിലാക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. സ്ഥലം മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുള്ള 76 അപേക്ഷകളും പുനഃപരിശോധിക്കണമെന്നും ഒഴിവാക്കപ്പെടുന്നവയ്ക്ക് ന്യായമായ കാരണം അറിയിക്കണമെന്നും ഉപസമിതി ശിപാർശ ചെയ്ത 22 അപേക്ഷകളിൽ അവശേഷിക്കുന്ന 9 അപേക്ഷകളിന്മേൽ അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. 2012-ലെ റിപ്പോർട്ട് അനുസരിച്ച് 218 വീടുകൾ ടി.ആർ.ഡി.എം. മുഖേനയും 122 വീടുകൾ വിവിധ ഏജൻസികൾ മുഖേനയുമാണ് നിർമ്മിച്ചു വന്നിരുന്നത്. ടി.ആർ.ഡി.എം. മുഖേന ആകെ 493 വീടുകൾ ആണ് അനുവദിച്ചത്. അതിൽ വർഷങ്ങൾ കഴിഞ്ഞിട്ടും 50% വീടുകൾ പോലും നിർമ്മിക്കാൻ കഴിയാത്തത് ഉദ്യോഗസ്ഥതലത്തിലുള്ള വീഴ്ചയാണെന്നും പദ്ധതികൾ ഏറ്റെടുത്ത് യഥാസമയം പ്രാവർത്തികമാക്കാൻ കഴിയാത്തത് വകുപ്പിന്റെ ഇച്ഛാശക്തിയില്ലായ്മയാണെന്നും സമിതി വിലയിരുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി കോടിക്കണക്കിന് രൂപ വിനിയോഗിക്കപ്പെട്ടിട്ടും അതിന്റെ യഥാർത്ഥ ഫലം അവർക്ക് ലഭിക്കുന്നില്ല എന്നും സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുമ്പോൾ അതിന്റെ പ്രായോഗിക വശങ്ങൾ കൂടി കണക്കിലെടുത്ത് നിയമപരമായ രീതിയിൽ നടപ്പിലാക്കാനുള്ള 'വയബിലിറ്റി'യും 'ഫ്ലക്സിബിലിറ്റി'യും വകുപ്പുകൾക്ക് ഉണ്ടാകേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് രൂപരേഖ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6. സുഗന്ധഗിരി നിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി ആദ്യം 75,000 രൂപയാണ് അനുവദിച്ചിരുന്നതെന്നും പിന്നീട് അത് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ വർദ്ധിച്ച ഗൃഹനിർമ്മാണച്ചെലവ് കണക്കിലെടുത്ത് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള പ്രാപ്തിക്കുറവുകൊണ്ടാണ് വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്തതെന്നും അവർ കബളിപ്പിക്കപ്പെടാൻ ഇടയാകുന്നതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുക ഗുണഭോക്താക്കളെ ഏൽപ്പിക്കുന്നതിനു പകരം നേരിട്ട് സർക്കാർ ഗൃഹനിർമ്മാണ ഏജൻസികൾ വഴി പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള ചതുരശ്ര അടി നിരക്കിൽ നിർമ്മിച്ചു നൽകാൻ നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പണി തീരാൻ ബാക്കിയുള്ള വീടുകളുടെ ഇപ്പോഴത്തെ അവസ്ഥ കണക്കാക്കി ബാക്കിവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക നൽകണമെന്നും പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാനുള്ള തുക പഞ്ചായത്ത് അനുവദിച്ചു കഴിഞ്ഞതിനാൽ അധികമായി വേണ്ടിവരുന്ന തുക പട്ടികജാതി വികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ നിന്നും അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

7. പട്ടികവർഗ്ഗക്കാർക്കായി നിർമ്മിച്ച നൽകുന്ന വീടുകളിൽ അവർ താൽപ്പര്യത്തോടെ ജീവിക്കാറില്ലെന്നും പ്രസ്തുത താൽപ്പര്യക്കുറവ് വീട് നിർമ്മാണത്തേയും സംരക്ഷണത്തേയും ബാധിക്കാറുണ്ടെന്നും തനത് ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായതും പരമ്പരാഗത ശൈലിയിലുള്ളതുമായ വീടുകളോടാണ് അവർക്ക് താൽപ്പര്യമെന്നും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. പക്ഷെ ഇത്തരം വീടുകൾക്ക് നിരന്തരം അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വരുന്നുണ്ട്.

8. മേൽ സാഹചര്യത്തിൽ <u>തനത് ആവാസവ്യവസ്ഥയ്ക്ക് അനുഗുണമായതും പാരമ്പര്യ ശൈലികൾ നിലനിർത്തിക്കൊണ്ടുള്ളതും ഈടുനിൽക്കുന്നതുമായ വീടുകൾ തദ്ദേശീയമായി ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തി ആധുനിക സാങ്കേതികവിദ്യ സമന്വയിപ്പിച്ചുകൊണ്ടുള്ള നിർമ്മാണ രീതി അവലംബിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി വീടുകൾ നിർമ്മിച്ച നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

9. ജില്ലാ കളക്ടർ മുൻകൈയെടുത്ത് പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വിവിധ സംഘടനകളെയും പ്രസ്ഥാനങ്ങളെയും വിളിച്ച് ചേർത്ത് അവരുടെ സഹകരണത്തോടും ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തിയും പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പട്ടികവർഗ്ഗ വിഭാഗത്തിന്റെ പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് റവന്യൂ, വനം, പട്ടികവർഗ്ഗം, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ യോജിച്ച നടപടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

10. സുഗന്ധഗിരി പ്രോജക്ടിൽ ഉൾപ്പെട്ടവർക്ക് അനുവദിച്ചിരുന്ന വീടുകളുടെ നിർമ്മാണം, ടി.ആർ.ഡി.എം. ചില ഏജൻസികളെയാണ് ഏൽപ്പിച്ചത്. എന്നാൽ കരാറുകാർ അടിസ്ഥാനം, ചുമർ എന്നിവയുടെ നിർമ്മാണം കഴിഞ്ഞ് ആദ്യ ഗഡു തുക വാങ്ങിയശേഷം ബാക്കി പണികൾ ചെയ്തിട്ടില്ലെന്നും സന്ദർശന വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. മിക്ക വീടുകളുടെയും നിർമ്മാണം പകുതി പൂർത്തിയാക്കി നിലച്ച അവസ്ഥയിലാണ്. കരാറുകാർ പണി നടത്താത്തതിനാലും നിശ്ചിത തലംവരെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ടി.ആർ.ഡി.എം. ബാക്കി തുക അനുവദിക്കാതിരിക്കുന്നതുമാണ് ഇതിനു കാരണമെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ വീട് നിർമ്മാണത്തിനായി അനുവദിച്ചിരുന്ന തുക 75,000 രൂപയിൽ നിന്ന് 2.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ നേരത്തെ തുക കൈപ്പറ്റിയവർക്ക് വർദ്ധിപ്പിച്ച തുകയുടെ ബാക്കി നൽകാതെ, ബാക്കിയുള്ള ജോലിയുടെ വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായാണ് നല്കിയത്. ഈ നടപടി യാതൊരു ഉത്തരവിന്റെയും അടിസ്ഥാനത്തിലല്ലെന്ന് സമിതി കണ്ടെത്തുകയുണ്ടായി. ഇക്കാര്യത്തിൽ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ അല്ലാതെയുള്ള ഉദ്യോഗസ്ഥരുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഈ വിഷയം സർക്കാർ അടിയന്തരമായി പരിശോധിച്ച് പദ്ധതി പ്രകാരം അനുവദിച്ച മുഴുവൻ തുകയും നല്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. പട്ടിക വിഭാഗക്കാരുടെ വീട് നിർമ്മാണത്തിന് എസ്.സി./എസ്.ടി. വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ടി.ആർ.ഡി.എം. ഏല്പിച്ചിരുന്നത്. പ്രസ്തുത സൊസൈറ്റിക്ക് ഇരുപത്തി നാല് ലക്ഷം രൂപ നല്കിയെങ്കിലും കരാർ നല്കിയ 149 വീടുകളിൽ രണ്ടെണ്ണം മാത്രമാണ് പൂർത്തീകരിച്ചതെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. സൊസൈറ്റി ഭാരവാഹികൾക്കെതിരെ ഇപ്പോൾ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സൊസൈറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും ടി.ആർ.ഡി.എം. ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. ഈ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് സൊസൈറ്റി ഭാരവാഹികൾക്കെതിരെ മാത്രമാണ് നിയമ നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സൊസൈറ്റിയെ കരാർ ഏല്പിച്ച ഉദ്യോഗസ്ഥർക്കെതിരെയോ കരാറിൽ ഒപ്പുവച്ച ജില്ലാ കളക്ടർക്കെതിരെയോ യാതൊരു അന്വേഷണവും നടത്തിയിട്ടില്ല. ഭവനനിർമ്മാണ രംഗത്ത് മുൻപരിചയമില്ലാത്ത ഈ സൊസൈറ്റിയെ കരാർ ഏല്പിക്കാനുണ്ടായ സാഹചര്യവും അതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെയും കരാറിൽ ഒപ്പുവച്ച ജില്ലാ കളക്ടറുടെ നടപടിയും സംബന്ധിച്ച് സമയബന്ധിതമായി വിജിലൻസ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കണമെന്നും നഷ്ടപരിഹാരം ഈടാക്കണമെന്നും സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

12. സുഗന്ധഗിരിയിൽ ജീവനം എന്ന എൻ.ജി.ഒ. മുഖേനയാണ് നബാർഡ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും ആദ്യ പദ്ധതി 80 ലക്ഷം രൂപയുടേതും രണ്ടാം പദ്ധതി 1.25 കോടി രൂപയുടേതുമാണെന്നും നബാർഡ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് സർക്കാർ വകുപ്പുകൾക്കോ ജനപ്രതിനിധികൾക്കോ അറിവില്ല എന്നും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന് ഇതിന്റെ ധനവിനിയോഗത്തിനോ മേൽനോട്ടത്തിനോ അഭിപ്രായ രൂപീകരണത്തിനോ പരിശോധനയ്ക്കോ അവസരമില്ലെന്നും കടലാസിൽ മാത്രം ഒതുങ്ങുന്ന സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഇടനിലക്കാർ ആദിവാസികളുടെ ഉന്നമനത്തിന് ചെലവഴിക്കുന്ന തുക തട്ടിയെടുക്കുകയാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. നബാർഡ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കുന്ന സംവിധാനം പരാജയമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിനുവേണ്ടി രൂപീകരിച്ച സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം പരിശോധിക്കണമെന്നും പദ്ധതി നടത്തിപ്പ് സുതാര്യമാക്കണമെന്നും പദ്ധതി നിർവ്വഹണ സമിതികളിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും

ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തണമെന്നും ഇതുവരെ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയെ സംബന്ധിച്ച ഓഡിറ്റ് നടത്തണമെന്നും ക്രമക്കേടുകളുണ്ടെങ്കിൽ വിജിലൻസ് അന്വേഷണം നടത്തി ആവശ്യമായ മേൽ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## അടിസ്ഥാന സൗകര്യ വികസനം

### I. വൈദ്യുതി വിതരണം

13. സുഗന്ധഗിരിയിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വിവിധ വകുപ്പുകൾ കാര്യക്ഷമതയോടെ പ്രവർത്തിച്ചില്ല എന്ന് സമിതി വിലയിരുത്തി. പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ പൂർത്തീകരിച്ച വീടുകളിലെല്ലാം വൈദ്യുതി കണക്ഷൻ നല്കിയിട്ടുള്ളതായും പട്ടികജാതി വിഭാഗത്തിലുള്ളവരുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിന് വേണ്ടി 46 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചിരുന്നു. വൈദ്യുതി കണക്ഷന് വേണ്ടിയിട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള കൃത്യമായ കണക്ക് അറിയില്ലെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ വയനാട് ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള ആദിവാസികളുടെ വീടുകളിൽ സുരക്ഷാ കാരണം പറഞ്ഞ് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതായി സൗത്ത് വയനാട് ഡി. എഫ്. ഒ. സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്തു. ഇ.എൽ.സി.ബി.ക്ക് വേണ്ടി 5,000 രൂപ അടയ്ക്കാത്തതു കൊണ്ടാണ് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഇത് സ്ഥാപിക്കുന്നതിൽ നിന്ന് ആദിവാസികളെ ഒഴിവാക്കുകയും പകരം ബോർഡോ വകുപ്പോ സൗജന്യമായി ഇ.എൽ.സി.ബി. സ്ഥാപിച്ചു നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും വിച്ഛേദിച്ച വൈദ്യുതി കണക്ഷൻ അടിയന്തരമായി പുനഃസ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### II. ജലലഭ്യത

14. ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനും വളർത്തുമൃഗങ്ങളുടെ പരിപാലനത്തിനും വിവിധ കൃഷികൾ ചെയ്യുന്നതിനും ജലലഭ്യത ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. വൻ ജലസേചന പദ്ധതികൾ ഈ പ്രദേശത്ത് നടപ്പിലാക്കുന്നതിന് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം പരിമിതികളുണ്ട്. കൂടാതെ, ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് വളരെയേറെ ചെലവുവരുന്നതും ഇവ പരിപാലിക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതുമാണെന്ന് സമിതി വിലയിരുത്തുന്നു.

ജലഅതോറിറ്റി ഇതുവരെ സുഗന്ധഗിരിയിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതി ആറ് മാസത്തിനകം പൂർത്തിയാക്കുമെന്നാണ് ജല അതോറിറ്റി ഉദ്യോഗസ്ഥർ സന്ദർശന വേളയിൽ ഉറപ്പ് നല്കിയിരുന്നത്. 21.75 ലക്ഷം രൂപ അടങ്കലിലുള്ള പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. സുഗന്ധഗിരിയിൽ വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഉണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ സ്ഥലത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണ പദ്ധതികൾ, തടയണ നിർമ്മാണം, വാട്ടർഷെഡ് മാനേജ്മെന്റ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## III. ഗതാഗത സൗകര്യം

15. സുഗന്ധഗിരിയിൽ ഗതാഗത സൗകര്യം വളരെ പരിമിതമാണെന്ന് സമിതി മനസ്സിലാക്കി. ചെങ്കുത്തായ പ്രദേശമായതിനാൽ റോഡ് നിർമ്മാണം വളരെ ദുഷ്കരമാണ്. കൂടാതെ നിലവിലുള്ള റോഡുകളുടെ സ്ഥിതി ദയനീയവുമാണ്. മുൻപ് നിർമ്മിച്ച റോഡുകൾ പലതും പൊട്ടിപ്പൊളിഞ്ഞ് ഇപ്പോൾ ഗതാഗത യോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. അവിടെ ഉൾപ്രദേശത്തുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവരുടെ വീടുകളിലേക്ക് സമിതി പോകാൻ തീരുമാനിച്ചെങ്കിലും റോഡിന്റെ മോശം അവസ്ഥ കാരണം പകുതിവഴിയിൽ യാത്ര അവസാനിപ്പിക്കേണ്ടതായി വരികയാണ് ഉണ്ടായത്. ധാരാളം കുട്ടികൾ ഇവിടങ്ങളിൽ നിന്നും സ്കൂളുകളിൽ പഠിക്കുന്നുണ്ട്. കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനും രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും റോഡുകളുടെ പരിതാപകരമായ അവസ്ഥ അത്യന്തം ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും അനുയോജ്യമായ, ഈട്ടു നിൽക്കുന്ന റോഡുകൾ നിർമ്മിക്കണമെന്നും ഇതിന് കാലാവധി നിശ്ചയിച്ച് പ്രസ്തുത കാലാവധിക്കുള്ളിൽ വേണ്ടി വരുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ തന്നെ ചെയ്യുന്ന അവസ്ഥയുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## IV. മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

16. സുഗന്ധഗിരി നിവാസികളുടെ കുട്ടികൾക്കായി അംബ, വൃന്ദാവൻ എന്നീ സ്ഥലങ്ങളിലായി രണ്ട് സ്കൂളുകൾ മാത്രമാണ് ഇപ്പോൾ ഉള്ളത്. ഈ രണ്ട് സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ല. ഈ രണ്ട് സ്കൂളുകളിലെയും ശോച്യാവസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സുഗന്ധഗിരിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഉടൻ തുടങ്ങണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. സുഗന്ധഗിരി പ്രോജക്ട് സ്ഥിതി ചെയ്യുന്ന വൈത്തിരി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യുടെ നിയന്ത്രണം പൊഴുതന ഗ്രാമപഞ്ചായത്തിനാണ്. ഇതുകാരണം വൈത്തിരി പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ആയതിനാൽ പ്രസ്തുത പി.എച്ച്.സി.യുടെ വികസന പ്രവർത്തനങ്ങൾക്കുള്ള അധികാരം വൈത്തിരി പഞ്ചായത്തിന് നല്കണമെന്നും പൊഴുതന പഞ്ചായത്തിന് വേണ്ടി പ്രത്യേകം പി.എച്ച്.സി. അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. സുഗന്ധഗിരി നിവാസികളുടെ കൃഷി, വന്യമൃഗങ്ങൾ പ്രത്യേകിച്ച് കാട്ടാനകൾ, നശിപ്പിക്കുന്നത് പതിവാണ്. ഈ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നത് തന്നെ വളരെ പ്രയാസപ്പെട്ടാണ്. പ്രസ്തുത സാഹചര്യത്തിൽ കാട്ടാനകളുടെ ആക്രമണം കൂടിയാകുമ്പോൾ കർഷകർ ദുരിതത്തിലാകുന്നു. കാട്ടാനകളുടെ ആക്രമണം തടയാൻ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് സൗത്ത് വയനാട് ഡി.എഫ്.ഒ. സമിതിയെ അറിയിച്ചിട്ടുണ്ടായിരുന്നു. സോളാർ ഫെൻസിംഗ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആയത് പൂർത്തീകരിച്ചിട്ടില്ലാത്തപക്ഷം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. സുഗന്ധഗിരിയിൽ 3830 ഏക്കർ ഭൂമിയിൽ വനം വകുപ്പ് ഏറ്റെടുത്ത 1145 ഏക്കർ ഭൂമി ഒഴികെ ബാക്കിയുള്ള 2684 ഏക്കർ ഭൂമിയിൽ 1837 ഏക്കർ ഭൂമി മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിതരണം ചെയ്യാനുള്ള ഭൂമിയും പ്രോജക്ടിൽ ജോലി ചെയ്തവർക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയും അടിയന്തരമായി നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സമിതി ശിപാർശകൾ—/സംഗ്രഹം

1. സുഗന്ധഗിരി പ്രോജക്ടിൽ ഉൾപ്പെട്ടവരുടെ താമസത്തിന് യോഗ്യമായ സ്ഥലം റവന്യൂ വകുപ്പ് കണ്ടെത്തി നൽകുകയോ മോഡൽ റെസിഡൻഷ്യൽ സ്കൂളിന് അനുവദിച്ച 40 ഏക്കറിൽ സ്വകാര്യവ്യക്തി അന്യായമായി കൈവശം വച്ചിരിക്കുന്നു എന്ന് സൂചിപ്പിച്ചിട്ടുള്ള 2.2 ഏക്കർ സ്ഥലം ഒഴിപ്പിച്ച് 22 കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ നൽകുകയോ വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് ആരംഭിക്കണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെ പേരിൽ ആനുകൂല്യങ്ങൾ ഇതുവരെ ലഭിക്കാത്ത കുടുംബത്തിന് ആനുകൂല്യങ്ങൾ അടിയന്തരമായി നല്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. സ്ഥലം മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുള്ള 76 അപേക്ഷകളും പുന:പരിശോധിക്കണമെന്നും ഒഴിവാക്കപ്പെടുന്നവയ്ക്ക് ന്യായമായ കാരണം അറിയിക്കണമെന്നും ഉപസമിതി ശിപാർശ ചെയ്ത 22 അപേക്ഷകളിൽ അവശേഷിക്കുന്ന 9 അപേക്ഷകളിന്മേൽ അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് രൂപരേഖ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുക ഗുണഭോക്താക്കളെ ഏൽപ്പിക്കുന്നതിന് പകരം നേരിട്ട് സർക്കാർ ഗൃഹനിർമ്മാണ ഏജൻസികൾ വഴി പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള ചതുരശ്രഅടി നിരക്കിൽ നിർമ്മിച്ച് നൽകാൻ നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പണി തീരാൻ ബാക്കിയുള്ള വീടുകളുടെ ഇപ്പോഴത്തെ അവസ്ഥ കണക്കാക്കി ബാക്കി വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള പുതുക്കിയ നിരക്ക് പ്രകാരം നൽകണമെന്നും പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാനുള്ള തുക പഞ്ചായത്ത് അനുവദിച്ചു കഴിഞ്ഞതിനാൽ അധികമായി വേണ്ടി വരുന്ന തുക പട്ടികജാതി വികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ നിന്നും അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. വീട് നിർമ്മാണത്തിനായി അനുവദിച്ചിരുന്ന തുക 75,000 രൂപയിൽ നിന്ന് 2.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ നേരത്തെ തുക കൈപ്പറ്റിയവർക്ക് വർദ്ധിപ്പിച്ച തുകയുടെ ബാക്കി നൽകാത്ത നടപടി സർക്കാർ അടിയന്തരമായി പരിശോധിച്ച് മുഴുവൻ തുകയും നല്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പട്ടിക വിഭാഗക്കാരുടെ വീട് നിർമ്മാണത്തിന് എസ്.സി./എസ്.ടി. വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ കരാർ ഏല്പിച്ച ഉദ്യോഗസ്ഥർക്കെതിരെയോ കരാറിൽ ഒപ്പുവച്ച ജില്ലാ കളക്ടർക്കെതിരെയോ യാതൊരു അന്വേഷണവും നടത്തിയിട്ടില്ല. ഭവനനിർമ്മാണ രംഗത്ത് മുൻ പരിചയമില്ലാത്ത ഈ സൊസൈറ്റിയെ കരാർ ഏല്പിക്കാനുണ്ടായ സാഹചര്യവും കരാറിൽ ഒപ്പുവച്ച ജില്ലാ കളക്ടറുടെ നടപടിയും സംബന്ധിച്ച് സമയബന്ധിതമായി വിജിലൻസ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കണമെന്നും നഷ്ടപരിഹാരം ഈടാക്കണമെന്നും സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

7. തനത് ആവാസവ്യവസ്ഥയ്ക്ക് അനുഗുണമായതും പാരമ്പര്യ ശൈലി നിലനിർത്തിക്കൊണ്ടുള്ളതും ഈടുനിൽക്കുന്നതുമായ വീടുകൾ തദ്ദേശീയമായി ലഭിക്കുന്ന നിർമ്മാണസാമഗ്രികൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തി ആധുനിക സാങ്കേതികവിദ്യ സമന്വയിപ്പിച്ചുകൊണ്ടുള്ള നിർമ്മാണ രീതി അവലംബിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ രൂപരേഖ തയ്യാറാക്കി വീടുകൾ നിർമ്മിച്ചു നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. നബാർഡിന്റെ പദ്ധതി നിർവ്വഹണ കമ്മിറ്റികളിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച അവലോകനം നടത്തണമെന്നും ഇതുവരെ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയെ സംബന്ധിച്ച ഓഡിറ്റ് നടത്തണമെന്നും ക്രമക്കേടുകളുണ്ടെങ്കിൽ വിജിലൻസ് അന്വേഷണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. സ്ഥലത്തെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണ പദ്ധതികൾ, തടയണ നിർമ്മാണം, വാട്ടർഷെഡ് മാനേജ്മെന്റ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കാലാവസ്ഥക്കും പരിസ്ഥിതിക്കും അനുയോജ്യമായ ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കണമെന്നും ഇതിന് കാലാവധി നിശ്ചയിക്കുകയും പ്രസ്തുത കാലാവധിക്കുള്ളിൽ വേണ്ടി വരുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ തന്നെ സ്വന്തം ചെലവിൽ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. സുഗന്ധഗിരി നിവാസികളുടെ കുട്ടികൾക്കായി അംബ, വൃന്ദാവൻ എന്നീ സ്ഥലങ്ങളിലായുള്ള രണ്ട് സ്കൂളുകളിലെയും ശോച്യാവസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സുഗന്ധഗിരിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഉടൻ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. സുഗന്ധഗിരി പ്രോജക്ട് സ്ഥിതി ചെയ്യുന്ന വൈത്തിരി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യുടെ നിയന്ത്രണം പൊഴുതന ഗ്രാമപഞ്ചായത്തിനാണ്. ഇതുകാരണം വൈത്തിരി പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ആയതിനാൽ പ്രസ്തുത പി.എച്ച്.സി. പ്രവർത്തിപ്പിക്കുന്നതിനുള്ള അധികാരം വൈത്തിരി പഞ്ചായത്തിന് നല്കണമെന്നും പൊഴുതന പഞ്ചായത്തിനുവേണ്ടി പ്രത്യേകം പി.എച്ച്.സി. അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. സുഗന്ധഗിരിയിൽ 3830 ഏക്കർ ഭൂമിയിൽ വനം വകുപ്പ് ഏറ്റെടുത്ത 1145 ഏക്കർ ഭൂമി ഒഴികെ ബാക്കിയുള്ള 2684 ഏക്കർ ഭൂമിയിൽ 1837 ഏക്കർ ഭൂമി മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചതെന്ന് സമിതി മനസ്സിലാക്കി. ഇതിൽ ബാക്കി വിതരണം ചെയ്യാനുള്ള ഭൂമി അടിയന്തരമായി നല്കണമെന്നും പ്രോജക്ടിൽ ജോലി ചെയ്തവർക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക അടിയന്തരമായി നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 29.

അനുബന്ധം 1

പന്ത്രണ്ടാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**( 18/09/2006 - 26/10/2006 )**

| | |
|---|---|
| ഉറപ്പ് നംബര് | **178** |
| ചോദ്യം നംബര് | യു.എസ് **1447** |
| ദിവസം | **28/09/2006** |
| വകുപ്പ് | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് |
| വിഷയം | സുഗന്ധഗിരി നിവാസികൾക്ക് അനുവദിച്ച ഭൂമി |

| ചോദ്യം | ഉത്തരം |
|---|---|
| ഇ) വയനാട് ജില്ലയിലെ സുഗന്ധഗിരി നിവാസികൾക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് റ്റി.ആർ.ഡി.എം.ഡയറക്ടർ **21.2.06**-ന് നൽകിയ കത്തിൻമേലുള്ള നടപടി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | ഇ) സുഗന്ധഗിരി പദ്ധതിയിൽ ഒരു ഏക്കർ വീതം ഭൂമി അനുവദിക്കപ്പെട്ട **23** പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് **10** സെൻറ് വീതം ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സ്വീകരിച്ച നടപടി ( ഫയൽ നമ്പർ **3493**/ഡി**2**/**08**/പജ.പവ.വിവ. )

സുഗന്ധഗിരി പ്രോജക്ടിൽ ഉണ്ടായിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ സ്ഥിരം മെമ്പർമാർ അല്ലാതിരുന്നതിനാൽ അവർക്ക് ഓരോ ഏക്കർ ഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത്. ആകെ **22** പേർക്ക് **22** ഏക്കർ സ്ഥലമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇവരെല്ലാവരും തന്നെ കൈവശരേഖ കൈപ്പറ്റുകയും ചെയ്തിട്ടുള്ളവരാണ്. കൈവശരേഖ കൊടുത്തവരിൽ **10** പേർ അനുവദിച്ച സ്ഥലത്ത് താമസിക്കുന്നില്ല. സ്ഥലം ലഭിച്ചത് കുന്നിൻ പുറത്തായതിനാലാണ് താമസിക്കാത്തത് എന്നാണ് അറിയാൻ കഴിഞ്ഞത്. സുഗന്ധഗിരി പ്രോജക്ടിൽ പട്ടികജാതിക്കാർക്ക് പതിച്ചുകൊടുത്ത ഭൂമി ആരും കൈയ്യേറിയതായി കാണുകയോ പരാതി കിട്ടുകയോ ചെയ്തിട്ടില്ല. താമസയോഗ്യമായ സ്ഥലമല്ല എന്ന്

| |
|---|
| ായുന്നുണ്ടെങ്കിലും ഒട്ടേറെ പട്ടികവർഗ്ഗക്കാർക്ക് ലഭിച്ചിട്ടുള്ള ഭൂമിയെക്കാളും താമസയോഗ്യമായ ഭൂമി തന്നെയാണ് പട്ടികജാതിക്കാർക്കും അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ ഈ ഭൂമിയിൽ താമസമാക്കിയിട്ടുള്ളവരിൽ **5** കുടുംബങ്ങൾ പുതിയ വീട് നിർമ്മിക്കുന്നതിനായുള്ള പ്രവർത്തിയിലാണ്. ഈ ഭൂമിയിൽ കാർഷിക വൃത്തികളും അവർ ചെയ്തു വരുന്നുണ്ട്. ടി ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും ചെയ്തു വരുന്നുണ്ട്. പട്ടികജാതിക്കാർക്ക് ഭൂമി അനുവദിച്ച പ്രദേശത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത് സുഗന്ധഗിരിയിൽ ഏറെക്കുറെ എല്ലാ പ്രദശത്തുമുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ ട്രൈബൽ മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ

| |
|---|
| വയനാട് ജില്ലയിലെ സുഗന്ധഗിരി പ്രോജക്ടിൻറെ ഇപ്പോഴത്തെ അവസ്ഥ |

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്കുള്ള മറുപടി ( ഫയൽ നമ്പർ **8836/ഡി2 /11/പജ.പവ.വിവ)**

| |
|---|
| വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ പൊഴുതന ഗ്രാമപഞ്ചായത്തിൽപ്പെട്ട സുഗന്ധഗിരി പ്രോജക്ടിൽ സ്ഥിരം തൊഴിലാളികളായിരുന്ന **382** പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് **5** ഏക്കർ വീതവും **36** താൽക്കാലിക തൊഴിലാളികൾക്ക് **2** ഏക്കർ വീതവും പട്ടികജാതിയിൽപ്പെട്ട **22** കുടുംബങ്ങൾക്ക് **1** ഏക്കർ വീതവും ആണ്. ആദിവാസി പുനരധിവാസത്തിൻറെ ഭാഗമായി **2004-2006** കാലഘട്ടത്തിൽ ഭൂമി അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ പ്രോജക്ടിൽ **500** ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ച് നൽകിയ ഓരേക്കർ ഭൂമിക്കു പുറമേ **10** സെൻറ് കൂടി അനുവദിക്കണമെന്ന ഒരു ആവശ്യമുന്നയിച്ചിരുന്നുവെങ്കിലും ടി പ്രോജക്ട് മേഖലയിൽ ഭൂമി അനുവദിച്ച് നൽകിയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയതിനേക്കാൾ താരതമ്യേന മെച്ചപ്പെട്ടതും വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയാണ് ഇവർക്ക് നൽകിയത്. **5** |

ുക്കർ വീതം ഭൂമി അനുവദിച്ചതിൽ കൈവശരേഖ കൈപ്പറ്റിയ **340** പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് **2007** വർഷം **75,000/-**രൂപ നിരക്കിൽ വീടുകൾക്ക് തുക അനുവദിച്ചു. പിന്നീട് ഗ്രാൻറ് തുക **1** ലക്ഷം രൂപയായും ,**1.25** ലക്ഷം രൂപയായും ഇപ്പോൾ **2.50** ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാലും സൈറ്റിലേക്ക് വാഹനങ്ങൾ എത്താത്തതിനാലും സുഗന്ധഗിരിയിലെ പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം വളരെ മന്ദഗതിയിലാണ് നടന്നുവരുന്നത്. ഇപ്പോൾ നൽകിവരുന്ന **1.25** ലക്ഷം രൂപ കൊണ്ട് തന്നെ വീട് പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പൂർത്തീകരിക്കേണ്ട വീടുകൾക്ക് വർദ്ധിപ്പിച്ച നിരക്കായ **2.50** ലക്ഷം രൂപ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ആകെയുള്ള **340** വീടുകളിൽ **122** വീടുകൾ ഏജൻസികൾ മുഖേനയും **218** വീടുകൾ ടി.ആർ.ഡി.എം. മുഖേനയും .നിർമ്മാണം നടന്നുവരുന്നു. **30.09.2011** വരെ **35** വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും **91** വീടുകൾ മേൽക്കൂര വരെയും **43** വീടുകൾ ലിൻറിൽ വരെയും **69** വീടുകളുടെ തറ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. **102** വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. സുഗന്ധഗിരിയിൽ അധിവസിപ്പിച്ചിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിര വരുമാനമുണ്ടാക്കുന്നതിനുതകുന്ന തേനീച്ചകൃഷിക്കായി **7.68** ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്റ്റിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സുഗന്ധഗിരി അംബയിൽ നിന്നും **8-)O** യൂണിറ്റിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി **21.75** ലക്ഷം രൂപയുടെ ഒരു കുടിവെള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സുഗന്ധഗിരി പ്രോജക്ടിൽ നിലവിൽ രണ്ട് എൽ.പി. സ്കൂളും, ഒരു യു.പി. സ്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന ഒരു കെ.എസ്. ആർ.ടി. സി മിനി ബസിൻറെ സമയം പുനഃ ക്രമീകരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് കൺസെഷൻ കാർഡ് അനുവദിക്കുന്നതിനും കെ.എസ്. ആർ.ടി.സി അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രോജക്ടിലെ, വിവിധ ഭാഗങ്ങളിലുള്ള പോക്കറ്റ് റോഡുകൾ ഗ്രാമ പഞ്ചായത്ത് മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗത യോഗ്യമാക്കുന്നുണ്ട്. പ്രോജക്ട് ഏരിയ മുഴുവൻ വൈദ്യുതീകരിക്കുന്നതിനായി ഇലക്ട്രിക് പോസ്റ്റുകൾ എല്ലായിടത്തും ഇറക്കുകയും,

ഫെൻസിങ്/ലക്ട്രിക് ലൈൻ വലിക്കുന്നതിനുള്ള നടപടി ഉടൻതന്നെ ആരംഭിക്കുന്നുമുണ്ട്. സുഗന്ധഗിരിയിലെ കുടുംബങ്ങൾ ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാട്ടാനയുടെ അക്രമണമാണ്. പ്രോജക്റ്റ് 4,5,6 യൂണിറ്റുകൾ, 2-)o യൂണിറ്റിലെ അമ്പതേക്കർ തുടങ്ങിയ മേഖലയിലെല്ലാം നിത്യേന കാട്ടാന ഇറങ്ങാറുണ്ട്. പൊഴുതന പഞ്ചായത്തിലെ ഭൂരിഭാഗം മേഖലയിലും കാട്ടാനശല്യം നിത്യേനയുണ്ടാവുകയും ആദിവാസികളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് കാട്ടാന ശല്യത്തിനെതിരെ അംബ മുതൽ 2-)o യൂണിറ്റ് വരെ 6 ലക്ഷം രൂപ ചെലവിൽ വൈദ്യുതി കമ്പിവേലി സ്ഥാപിക്കുന്നതിനായി നടപ്പ് വർഷം ഒരു പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്ലോട്ടുകൾ മാറ്റി നല്കണമെന്നതു സംബന്ധിച്ച അപേക്ഷകളിൽ പരാതി പരിഹരിക്കുന്നതിനായി പൊഴുതന ഗ്രാമപഞ്ചായത്ത് പ്രസിഡൻറിൻറെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്, ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷൻറെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സ്വീകരിച്ചിട്ടുണ്ട്.

ഈ ഡോക്യുമെൻറ് ഡിജിറ്റലായ് അംഗീകരിച്ചിരിക്കുന്നു.

കേരള സർക്കാർ,

തിരുവനന്തപുരം

തീയതി :04/04/2012